"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി. അന്നമ്മ ആന്റണി, പൂന്തുരുത്തിൽ വീട്, മാലിപ്പാറ പി.ഒ. പിണ്ടിമന സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

**വ്യവസായ (എ)വകുപ്പ്**

സ.ഉ.(സാധാ) നം.461/2026/ID    തീയതി,തിരുവനന്തപുരം, 21-04-2026

---

പരാമർശം:-

1. ജിയോളജിസ്റ്റിന്റെ 17/12/2024 തീയതിയിലെ DOERN/DMG/2037/2022-MDO നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീമതി. അന്നമ്മ ആന്റണി, പൂന്തുരുത്തിൽ വീട്, മാലിപ്പാറ പി.ഒ. പിണ്ടിമന 04.02.2026 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 25.03.2026 തീയതിയിലെ ഡിഎംജി/932/2026-എം3 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ പിണ്ടിമന വില്ലേജിൽ സർവേ നമ്പർ 467-1A-ൽപ്പെട്ട 3.9364 ഹെക്ടർ സ്ഥലത്ത് കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 16.02.2030 കാലാവധിവരെ ക്വാറിയിങ് ലിസ് അനുവദിച്ചിട്ടുണ്ടെന്നും മേൽ ലീസിലും ഇതിനോടുചേർന്ന് ഖനനംചെയ്ത് കുഴിയായി നിലനിൽക്കുന്നതുമായ ഭാഗങ്ങളിലും കരിങ്കല്ലിന്റെ അളവ് തിട്ടപ്പെടുത്തിയ സ്കെച്ച് പ്രകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്തിൽ അനധികൃത കരിങ്കൽഖനനത്തിന്റെ അളവുകൾ തിട്ടപ്പെടുത്തി 25/06/2023-ലെ സ.ഉ.(കൈ) നം.61/2023/വ്യവ അദാലത്ത് എന്നിവപ്രകാരം റോയൽറ്റി, വില, പിഴ ഇനത്തിൽ 7,65,87,862/- രൂപ (ഏഴുകോടി അറുപത്തഞ്ച് ലക്ഷത്തി എൺപത്തേഴായിരത്തി എണ്ണൂറ്റി അറുപത്തിരണ്ട് രൂപ) ഒടുക്കേണ്ടതാണെന്ന് ഉത്തരവായികൊണ്ട് എറണാകുളം ജിയോളജിസ്റ്റ് 17/12/2024 തീയതിയിൽ നൽകിയ ഡിമാന്റ് നോട്ടീസിതിരെ ശ്രീമതി. അന്നമ്മ ആന്റണി, പൂന്തുരുത്തിൽ വീട്, മാലിപ്പാറ പി.ഒ. പിണ്ടിമന പരാമർശം (2) പ്രകാരം സർക്കാരിൽ. അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽകക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 17/03/2026 ന് നേരിൽ കേട്ടു.

3. അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

കോതമംഗലം താലൂക്കിൽ, പിണ്ടിമന വില്ലേജിൽ സർവ്വേ നമ്പർ 467/1എയിൽപ്പെട്ട 3.9364 ഹെക്ടർ സ്ഥലത്ത് കരിങ്കൽ ഖനനം നടത്തുന്നതിലേയ്ക്ക് 16/12/2030 കാലാവധിയിൽ കക്ഷിയുടെ പേരിൽ ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുള്ളതും ടി ക്വാറിയിലെ ഖനനം സംബന്ധിച്ച് Scheme of Mining അംഗീകരിക്കുന്നതിന്റെ ഭാഗമായി താലൂക്ക് സർവ്വേയർ നല്കിയ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ 17,89,903.50 MT കരിങ്കല്ല് അനധികൃതമായി ഖനനം നടത്തിയെന്ന് ആക്ഷേപമുന്നയിച്ച് നടപടികൾ കൈക്കൊണ്ടിട്ടുമുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടറുടെ 09.02.2018 തീയതിയിലെ 241/201718/2079/383/2017/ഡി.എം.ജി നമ്പർ ക്വാറിയിംഗ് ലീസ് പ്രകാരം എറണാകുളം ജില്ലാ ജിയോളജിസ്റ്റ് ലഭ്യമാക്കിയിട്ടുള്ള 16.04.2018, 05.06.2020, 03.04.2021,02.04.2022,17.09.2022,14.10.2022,17.11.2022 തീയതികളിലെ മൂവ്മെന്റ് പെർമിറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ മാത്രം ടി ക്വാറിയിൽ നിന്നും കരിങ്കൽ ഖനനം നടത്തിയിട്ടുള്ളതും, ആയത് എറണാകുളം ജില്ലാ ജിയോളജിസ്റ്റിന്റെ മേൽനോട്ടത്തിലുള്ള സ്ക്വാഡുകളിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി സ്ഥിരീകരിച്ചിട്ടുള്ളതാമായിരുന്നു. എന്നിരുന്നാലും ടി ഉദ്യോഗസ്ഥരുടെ സ്വാഭിവിക പരിശോധനയിലെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ ടി ക്വാറിയിൽ നിന്നും ഖനനം ചെയ്ത കരിങ്കല്ലിന്റെ അളവിലുണ്ടായിട്ടുള്ള വ്യത്യാസത്തിന്റെ വെളിച്ചത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്ന പിഴ തുക ഒടുക്കിയിട്ടുള്ളതാണ്. ടി വസ്തുത സ്ഥിരികരിക്കുന്നതിലേയ്ക്ക് ടി ക്വാറിയ്ക്ക് ലഭ്യമാക്കിയിരുന്ന മൂവ്മെന്റ് പെർമിറ്റിന്റെയും പിഴ ഒടുക്കിയ ചെല്ലാൻ രസീതിന്റെയും പകർപ്പുകൾ ഹാജരാക്കിയിട്ടുണ്ട്.
എന്നാൽ താലൂക്ക് സർവ്വേയറുടെ പരിശോധന റിപ്പോർട്ടിൽ ടി ക്വാറിയിൽ നിന്നും 2936,589.75 MT കരിങ്കൽ ഖനനം നടത്തിയെന്ന് രേഖപ്പെടുത്തിയിട്ടുള്ളത് 2010 മുതലുള്ള ഖനനം കണക്കിലെടുത്താണ്. 2015 ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം 2018 വർഷം കക്ഷിയുടെ പേരിൽ അനുവദിച്ച ടി ക്വാറിയിംഗ് ലീസിന്റെ വെളിച്ചത്തിൽ കക്ഷിക്ക് ലഭ്യമാക്കിയിട്ടുള്ള മൂവ്മെന്റ് പെർമിറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ മാത്രം ടി ക്വാറിയിൽ നിന്നും കരിങ്കൽ ഖനനം നടത്തിയിട്ടുള്ളത്. എന്നാൽ ടി ഖനനം നടത്തുന്ന വേളയിൽ സംഭവിക്കുന്ന സ്വാഭാവിക അളവിലെ വ്യത്യാസം ടി ക്വാറിയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എറണാകുളം ജില്ലാ ജിയോളജിസ്റ്റിന്റെ മേൽനോട്ടത്തിലുള്ള സ്ക്വാഡിന്റെ ഉദ്യോഗസ്ഥരിടെ പരിശോധനയിലെ കണ്ടെത്തലിന്റെ വെളിച്ചെത്തിൽ അധികമായി ഖനനം നടത്തിയ അളവിലേയ്ക്കുള്ള പിഴ തുകകൾ യഥാസമയം തന്നെ ഒടുക്കിയിട്ടുള്ളതുമാണ്. കൂടാതെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ ടി ക്വാറിയിൽ നടത്തിയ പരിശോധനയിൽ ടി ക്വാറിയുടെ മുകൾ ഭാഗത്തുള്ള മണ്ണ് ടി ക്വാറി സ്ഥിതി ചെയ്യുന്ന സ്ഥലം ഇടിഞ്ഞു വീണ് അപകട സാധ്യത കണക്കിലെടുത്ത് മാറ്റി ഇടണമെന്ന് നിർദ്ദേശിച്ചിരുന്നതും, ടി നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ടി പരിശോധന ഉദ്യോഗസ്ഥർ നിർദ്ദേശിച്ച സ്ഥലത്തെ മണ്ണ് ഇടിച്ചു മാറ്റി, മൈനിംഗ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തി, കരിങ്കല്ല് ഉൾപ്പടെയുള്ള ടി മണ്ണ് ടി സ്ഥലത്തു തന്നെ നിക്ഷേപിച്ചിട്ടുള്ളതും, ആയത് ഇപ്പോഴും ടി സ്ഥലത്ത് ഉപയോഗശൂന്യമായി കിടക്കുകയും ചെയ്യുന്നു. താലൂക്ക് സർവ്വേയർ ടിക്വാറിയിൽ അളക്കുന്നതിലേയ്ക്ക് വന്ന വേളയിൽ ടി ഇടിച്ചിട്ടുള്ള ഉപയോഗശൂന്യമായ മണ്ണും കരിങ്കല്ലും അളന്നിട്ടുള്ളതും ടി മണ്ണിന്റെയും കരിങ്കല്ലിന്റെയും അളവ് പരിഗണിക്കാതെയും 2010 മുതൽ

കക്ഷിയ്ക്ക് ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിന് 8 വർഷം മുമ്പുള്ള കാലയളവിലുണ്ടായിരുന്ന പഴയ ക്വാറിയുടെ ഖനനവും കണക്കിലെടുത്തുള്ള കണ്ടെത്തലാണ് കക്ഷിയുടെ പേരിലുള്ള അനധികൃത ഖനനം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ടി റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത്.

താലൂക്ക് സർവ്വേയർ നടത്തിയ അളവ് തന്റെ പേരിൽ അനുവദിച്ചിരുന്ന ക്വാറിയിംഗ് ലീസ് കാലയളവിന് മുമ്പ് ടി ക്വാറിയോടു ചേർന്നുള്ള പഴയ ക്വാറിയിൽ നിന്നും നടത്തിയിരുന്ന ഖനനത്തിന്റെയും വെളിച്ചത്തിൽ മാത്രമുള്ളതുമാണ്. ഈ സാഹചര്യത്തിൽ 2018 ൽ കക്ഷിക്ക് അനുവദിച്ച മൈനിംഗ് ഏരിയയിൽ നിന്ന് ലീസ് എഗ്രിമെന്റ് പ്രകാരം മൈനിംഗ് പ്ളാനിൽ, നിർഷ്കർഷിച്ച പ്രകാരമുള്ള ഖനനം മാത്രം നടത്തിയതെന്ന് നിശ്ചയിക്കുവാൻ തിട്ടപ്പെടുത്തിയ അളവുകൾ പുനപരിശോധിക്കുകയും പ്രീസൈസ് ഏരിയ പുന പരിശോധന വേളയിൽ ലീസ് ഹോൾഡർ ആയ കക്ഷിയയും, കക്ഷി നിർദ്ദേശിക്കുന്ന അംഗീകൃത ആർ.ക്യൂ.പി.യുടെയും സാന്നിദ്ധ്യത്തിൽ എറണാകുളം ജിയോളജിസ്റ്റ് നേരിട്ട് ഖനന അളവ് തിട്ടപ്പെടുത്തി പുതുക്കിയ ഡിമാന്റ് നോട്ടീസ് നല്കേണ്ടതാണ്. പുതുക്കിക ഡിമാന്റ് നല്കുമ്പോൾ ചുവടെ പരാമർശിക്കുന്ന വിവരങ്ങൾ പ്രത്യേകം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ലീസ് എടുത്തിരിക്കുന്ന പ്രിസൈസ് ഏരിയ 3.9364 ഹെക്ടേഴ്സ് മാത്രമാണ് (7.578 ഹെക്ടർ) എന്നാൽ താലൂക്ക് സർവ്വേയർ മേൽ ഏരിയയോട് ചേർന്ന് കിടക്കുന്ന മറ്റു ക്വാറികളുടെ സ്ഥലം കൂടി ചേർന്ന് ആണ് ക്വാറിയുടെ ഏരിയ അളന്നിട്ടുള്ളത്. ലീസ് എടുത്ത സ്ഥലത്ത് നടത്തിയ ലീസ് ഏരിയയ്ക്ക് പുറത്ത് നടത്തിയ ഖനനാനുമതി ബന്ധപ്പെട്ട വസ്തു ഉടമയുടെ പേരിൽ ഖനനം നടന്ന കാലഘട്ടത്തിന് അനുസൃതമായി നടപടി സ്വീകരിക്കേണ്ടതാണ്.

താലൂക്ക് സർവ്വേയറുടെ സ്കെച്ചിൽ ആകെ സൈസിലുള്ള അളവിൽ topsoil/over burden ഉൾപ്പെടുന്നതായി പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാത്തതും Topsoil/over burden കുറവു ചെയ്തു നല്കാതെയുമാണ് അനധികൃതമായി നീക്കം ചെയ്ത സ്കെച്ചിന്റെ അളവ് തിട്ടപ്പെടുത്തി പെനാൽറ്റി കണക്കാക്കിയത്. ആയത് പുനപരിശോധിക്കേണ്ടതാണ്.

മേൽ നടപടികൾ പൂർത്തിയാക്കി തയ്യാറാക്കപ്പെടുന്ന അളവുകളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 2026 ലെ കുടിശ്ശിഖ നിവാരണ അദാലത്തിൽ ഉൾപ്പെടുത്തി റിവൈസ്ഡ് നോട്ടീസ് നല്കുന്നതിനും അപ്രകാരമുള്ള മൊത്തം തുക കണക്കാക്കി ആയത് ഗഡുക്കൾ ആയി അടക്കുന്നതിനും, ആദ്യ ഗഡു അടക്കുന്ന മുറയ്ക്ക് സ്റ്റോപ്പ് മെമ്മോ റിലീസ് ചെയ്യുന്നതിനും, ക്വാറിയുടെ പുനപ്രവർത്തനം തുടങ്ങുവാനുമുള്ള നടപടികൾ കൈകൊള്ളണമെന്ന് ആവശ്യപ്പെട്ടു.

3. അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ പിണ്ടിമന വില്ലേജിൽ സർവ്വേ നമ്പർ 467/1A യിൽപ്പെട്ട 3.9364 ഹെക്ടർ സ്ഥലത്ത് കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 16.02.2030 കാലാവധിവരെ ശ്രീമതി. അന്നമ്മ ആന്റണി, പഞ്ഞരുത്തിൽ വീട്, മാലിപ്പാറ പി.ഒ., പിണ്ടിമന എന്നായാൾക്ക് 9-2-2018 ൽ ക്വാറിയിംഗ് ലീസ് അനുവദിച്ചിട്ടുള്ളതാണ്. ടി ലീസിലും

ഇതിനോടുചേർന്ന് ഖനനം ചെയ്ത് കഴിയായി നിലവിൽക്കുന്നതുമായ ഭാഗങ്ങളിലും ഖനനം ചെയ്ത കരിങ്കല്ലിന്റെ അളവുകൾ തിട്ടപ്പെടുത്തി താലൂക്ക് സർവെയർ 30-05-2022 ൽ തയ്യാറാക്കിയ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ ലീസ് ഏരിയയിലും ലീസ് ഏരിയക്ക് പുറത്തു നിന്നുമായി 1451616.5 മെട്രിക് ടൺ കരിങ്കല്ല് അനധികൃതമായി ഖനനം നടത്തിയതായി കണക്കാക്കുകയുണ്ടായി. ഇപ്രകാരം അനധികൃത ഖനനം നടത്തിയതിന് ടിയാൾക്ക് 11-9-2024 ൽ കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു . അപ്പീൽ കക്ഷി 16.2.204 ന് ജില്ലാ ജിയോളജിസ്റ്റിനു നല്കിയ അപേക്ഷയിൽ അനധികൃത ഖനനം കുടിശ്ശിക നിവാരണ അദാലത്തിൽ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു ശ്രീമതി. അന്നമ്മ ആന്റണി കാരണം കാണിക്കൽ നോട്ടീസിനു നല്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അനധികൃതമായി നീക്കം ധാതുവിന്റെ അളവിനുള്ള റോയൽറ്റി അദാലത്തിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധിച്ചതിൽ 7,65,87,862/- രൂപ ഒടുക്കണമെന്നു കാണുകയും ഈ തുക ഒടുക്കുന്നതിന് 17-12-2024 ഡിമാന്റ് നോട്ടീസ് നല്കുകയുണ്ടായി. ടി തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുവദിക്കണമെന്ന് ടിയാൾ 2-4-2025 തീയതിയിൽ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, ഡിമാന്റ് തുകയായ 7,65,87,862/- രൂപയിൽ ആദ്യ ഗഡുവായി 1,30,00,000/- രൂപ ഉത്തരവ് തീയതി മുതൽ ഒരാഴ്ചയ്ക്കകം ബാക്കി തുക 5 തുല്യഗഡുക്കളായി 12% പലിശ സഹിതം തുടർച്ചയായ മാസങ്ങളിലും ഒടുക്കുന്നതിന് അനുവാദം നല്കി 2-4-2025 തീയതിയിൽ ഉത്തരവായിരുന്നു . ആദ്യഗഡു തുക ഒടുക്കാതിരുന്നതിനാൽ ആയത് ഒടുക്കണമെന്ന് അപ്പീൽ കക്ഷിയെ 22-4-2025 തീയതിയിൽ അറിയിച്ചിരുന്നെങ്കിലും ടി തുക ഒടുക്കിയിട്ടില്ലാത്തതാണ് എന്ന് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽപ്രകാരം പലതവണ ആവശ്യപ്പെട്ടിട്ടും ഡിമാന്റ് തുക ഒടുകകുവരുത്താതിരുന്നാൽ കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയാണെന്ന് അറിയിച്ചുകൊണ്ട് 13-6-2025 ന് ശ്രീമതി. അന്നമ്മ ആന്റണിക്ക് കത്ത് നല്കുകയുണ്ടായി . ടി കത്തിനും യാതൊരുവിധ മറുപടിയും ടിയാളിൽനിന്നും ലഭിക്കാതിരുന്നതിനാൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം തുക ഈടാക്കുന്നതിനായി 15-7-2025 ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. അപ്പീൽ കക്ഷി ക്വാറിയിംഗ് ലിസിന്റെ മറവിൽ അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്തു നീക്കിയ വിഷയത്തിൽ ജില്ലാ ജിയോളജിസ്റ്റ് സ്വീകരിച്ച നടപടി ക്രമപ്രകാരമാണ് എന്നത് കണ്ട് അപ്പീൽ നിരസിച്ച് ഉത്തരവാകേണ്ടതാണ്.

4. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെ യും അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഇക്കാര്യം പരിശോധിച്ചു. താലൂക്ക് സർവ്വേയറുടെ സ്കെച്ചിൽ ആകെ സൈസിലുള്ള അളവിൽ topsoil/over burden ഉൾപ്പെടുന്നതായി പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെയും Topsoil/over burden കുറവു ചെയ്തു നല്കാതെയുമാണ് അനധികൃതമായി നീക്കം ചെയ്ത അളവ് തിട്ടപ്പെടുത്തി പെനാൽറ്റി കണക്കാക്കിയതെന്നും, ആയത് പുനപരിശോധിക്കേണ്ടതാണെന്നും, ലീസ് എടുത്തിരിക്കുന്ന പ്രിസൈസ് ഏരിയ 3.9364 ഹെക്ടേഴ്സ് മാത്രമാണെന്നും എന്നാൽ താലൂക്ക് സർവ്വേയർ മേൽ ഏരിയയോട് ചേർന്ന് കിടക്കുന്ന മറ്റു ക്വാറികളുടെ സ്ഥലം കൂടി ചേർത്താണ് ക്വാറിയുടെ ഏരിയ അളന്നിട്ടുള്ളതെന്നും ,ലീസ് എടുത്ത സ്ഥലത്ത് ലീസ് ഏരിയയ്ക്ക് പുറത്ത് നടത്തിയ ഖനനാനുമതി ബന്ധപ്പെട്ട വസ്തു ഉടമയുടെ പേരിൽ ഖനനം നടന്ന കാലഘട്ടത്തിന് അനുസ്ൃതമായി നടപടി സ്വീകരിക്കേണ്ടതാണെന്നുമുള്ള അപ്പീൽ കക്ഷിയുടെ വാദങ്ങളും, over burden കുറവ്

ചെയ്യാതെയാണ് ഡിമാന്റ് നോട്ടീസ് നല്കിയതെന്ന് ഹിയറിംഗിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ അഭിപ്രായവും പരിഗണിച്ച്, അപ്പീൽ കക്ഷിയുടെ ചെലവിൽ ടിയാളുടെ സാന്നിദ്ധ്യത്തിൽ ഡ്രോൺലിഡാർ സർവ്വേ നടത്തി 2018-ൽ അപ്പീൽ കക്ഷിക്ക് ക്വാറിയിംഗ് ലീസ് അനുവദിച്ച സ്ഥലത്ത് അനുമതി നൽകിയ ധാതുവിനെറ അളവ്, over burden/Top soil എന്നിവ കുറവ് ചെയ്ത് അനധികൃത ഖനനത്തിന്റെ അളവ് തിട്ടപ്പെടുത്തി അനധികൃത ഖനനം നടത്തിയ കാലഘട്ടത്തിലെ നിരക്ക് പ്രകാരം പെനാൽറ്റി നിർണ്ണയിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് നടപടിക്രമങ്ങൾ പാലിച്ച് നല്കവാനും, അതു പ്രകാരമുള്ള തുക ഏതെങ്കിലും ഒരു തവണ മുടക്കം വന്നാൽ ബാക്കി തുക പലിശ സഹിതം ഒരുമിച്ച് ഒടുക്കേണ്ടി വരുമെന്നും പുതുക്കി നല്കുന്ന ക്വാറിയിംഗ് പെർമിറ്റ് റദ്ദാക്കപ്പെടുമെന്നുമുള്ള വ്യവസ്ഥയിൽ, തുടർച്ചയായുള്ള ആറ് തവണകളായി ഈടാക്കുന്നതിനും ആദ്യ തവണ ഒടുക്കുന്ന മുറയ്ക്ക് കക്ഷി മറ്റു തരത്തിൽ യോഗ്യനാണെങ്കിൽ ക്വാറിയിംഗ് പെർമിറ്റ് പുതുക്കി നല്കവാനും, ലീസ് ഏരിയക്ക് പുറത്തുള്ള അനധികൃത ഖനനത്തിനെറ അളവ് തിട്ടപ്പെടുത്തി ചട്ടം പ്രകാരം പെനാൽറ്റി നിർണ്ണയിച്ച് വസ്തുവിന്റെ ഉടമസ്ഥർക്കോ/പെർമിറ്റ് ഹോൾഡേഴ്സിനോ നടപടിക്രമങ്ങൾ പാലിച്ച് ഡിമാന്റ് നോട്ടീസ് നല്കവാനും ജിയോളജിസ്റ്റിന് നിർദ്ദേശം നല്കികൊണ്ട് ശ്രീമതി. ശ്രീമതി. അന്നമ്മ ആന്റ്ണി, പൂന്തുരുത്തിൽ വീട്, മാലിപ്പാറ പി.ഒ. പിണ്ടിമന പരാമർശം (2) പ്രകാരം നൽകിയ അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീമതി. ശ്രീമതി. അന്നമ്മ ആന്റ്ണി, പൂന്തുരുത്തിൽ വീട്, മാലിപ്പാറ പി.ഒ.

പിണ്ടിമന, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, എറണാകുളം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 21-04-2026 14:34:34